LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാനടപടികൾ

ഏഴാം കേരള നിയമസഭ

പത്താം സമ്മേളനം

1985 സെപ്തംബർ 16, തിങ്കൾ

വാല്യം LXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 1985 സെപ്തംബർ 16-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

എൻ. ആർ. ഇ. പി. സ്കീമിൽ ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക

*135 [179] ശ്രീ. പി. പി. തങ്കച്ചൻ:

,, തെന്നല ജി. ബാലകൃഷ്ണപിള്ള

,, ബെന്നി ബഹനാൻ:

,, തോപ്പിൽ രവി:

,, കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-86 സാമ്പത്തിക വർഷത്തിൽ എൻ. ആർ. ഇ. പി സ്കീമിൽ ഉൾപ്പെടുത്തി എത്ര കോടി രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഓരോ ജില്ലയിലും എത്രവീതം;

(സി) 1984-85 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയനുസരിച്ച് ഏത് ജില്ലയിലാണ് കൂടുതൽ രൂപ ചെലവഴിച്ചത്?

GPM. 2/487/2009.

സാമൂഹ്യ വികസനവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) 1985-86 സാമ്പത്തിക വർഷം എൻ. ആർ. ഇ. പി. സ്കീമിലേക്കുള്ള കേന്ദ്രവിഹിതം 1060 ലക്ഷം രൂപയാണ്. ഇതിനു തുല്യമായ തുക സംസ്ഥാന വിഹിതമായി ചെലവഴിക്കുന്നതാണ്. തൻമൂലം 2120 ലക്ഷം രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ 20 ശതമാനം സംഖ്യ സാമൂഹ്യവനവൽക്കരണത്തിന് നീക്കിവച്ചിട്ടുണ്ട്.

(ബി)	തിരുവനന്തപുരം ജില്ലയ്ക്കുവേണ്ടി	191.70 ലക്ഷം രൂപ
	കൊല്ലം	121.491 ,,
	പത്തനംതിട്ട	78.50 ,,
	കോട്ടയം	93.599 ,,
	ഇടുക്കി	79.20 ,,
	ആലപ്പുഴ	59.00 ,,
	എറണാകുളം	113.553 ,,
	തൃശ്ശൂർ	152.10 ,,
	പാലക്കാട്	248.415 ,,
	മലപ്പുറം	154.773 ,,
	കോഴിക്കോട്	68.40 ,,
	വയനാട്	64.791 ,,
	കണ്ണൂർ	184.40 ,,
	കാസർകോഡ്	54.00 ലക്ഷം രൂപ

യുമാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. ബാക്കി തുക സാഹൂഹ്യ വനവൽക്കരണത്തിനും ഭരണ ചെലവിനുംവേണ്ടി മാററി വച്ചിരിക്കുകയാണ്.

(സി) 1984-85 സാമ്പത്തികവർഷത്തിൽ തിരുവനന്തപുരം ജില്ലയാണ് ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത്.

ശ്രീ. ചെന്നി ബഹനാൻ: സംസ്ഥാന ഗവൺമെൻറിൻെറ വിഹിതം കൂടി ഉൾപ്പെടുത്തി ഏകദേശം 21 കോടി രൂപയാണ് എൻ. ആർ. ഇ. പി. പ്രവർത്തനത്തിനുവേണ്ടി നീക്കി വച്ചിരിക്കുന്നതെന്ന് പറഞ്ഞു. ഇതിൽ റോഡുകൾക്കെത്ര രൂപയാണ്; വീടുകൾ തുടങ്ങിയ അസ്സറുകൾ പണിയുന്നതിന് എത്രയാണ്; ഓരോ ജില്ലയ്ക്കും വിഹിതം വീതിക്കുന്നതിന് എടുത്തിരിക്കുന്ന മാനദണ്ഡമെന്താണെന്നും വ്യക്തമാക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: അത് അതാത് ഡി. ആർ. ഡി. എ. ആണ് അതിനെ സംബന്ധിച്ചുള്ള അവസാന തീരുമാനം കൈക്കൊള്ളുന്നത്. നമ്മൾ ജില്ലകൾക്കുള്ള അലോക്കേഷനാണ് കൊടുക്കുന്നത്. അതിനെ അടിസ്ഥാനപ്പെടുത്തി അന്തിമമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ഫണ്ടിൻെറ അലോക്കേഷൻ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെയും ചെറുകിട-പരിമിത കർഷകരുടെയും ജനസംഖ്യയ്ക്ക് ആനുപാതികമായി ഓരോ ജില്ലയിൽ വരുന്നതിൻെറ തോതനുസരിച്ചാണ് എടുത്തിട്ടുള്ളത്. 1981-ലെ സെൻസസ് ആണ് ഇതിന് മാനദണ്ഡമായി കണക്കിലെടുത്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബന്നി ബഹനാൻ: 1984-85 സാമ്പത്തിക വർഷത്തിൽ എത്ര രൂപ മൊത്തം എൻ. ആർ. ഇ പി. ഇനത്തിൽ ഗവൺമെൻറ് ചെലവഴിച്ചിട്ടുണ്ട്. അതിൻെറ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: 1984-85-ലെ ജില്ല തിരിച്ചുള്ള കണക്ക് ഇങ്ങനെയാണ്. 211.92 ലക്ഷം രൂപ തിരുവനന്തപുരം ജില്ലയ്ക്ക് അലോട്ടുമെൻറ് ഉണ്ടായിരുന്നു, 217.35 ലക്ഷം രൂപ ചെലവഴിച്ചു. 136.228 ലക്ഷം രൂ. കൊല്ലം ജില്ലയ്ക്ക് ഉണ്ടായിരുന്നു, 205.59 ലക്ഷം രൂ. ചെലവഴിച്ചു. 101.85 ലക്ഷം രൂപ ആലപ്പുഴ ജില്ലയ്ക്കുണ്ടായിരുന്നു, 120.15 ലക്ഷം രൂപ ചെലവഴിച്ചു. 69.84 ലക്ഷം രൂപ പത്തനംതിട്ട ജില്ലയ്ക്കുണ്ടായിരുന്നു, 69.79 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 83.155 ലക്ഷം രൂപ കോട്ടയം ജില്ലയ്ക്കുണ്ടായിരുന്നു, 126.99 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 31 ലക്ഷം രൂപ ഇടുക്കി ജില്ലയ്ക്കുണ്ടായിരുന്നു, 100.93 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 196.98 ലക്ഷം രൂപ എറണാകുളം ജില്ലയിക്കുണ്ടായിരുന്നു, 131.83 ലക്ഷം രൂപ ചെലവഴിച്ചു. 198.142 ലക്ഷം രൂപ തൃശ്ശൂർ ജില്ലയ്ക്കുണ്ടായിരുന്നു, 264.45 ലക്ഷം രൂപ ചെലവഴിച്ചു. 278.307 ലക്ഷം രൂപ പാലക്കാട് ജില്ലയ്ക്കുണ്ടായിരുന്നു, 281.44 ലക്ഷം രൂപ ചെലവഴിച്ചു. 187.77 ലക്ഷം രൂപ മലപ്പുറം ജില്ലയ്ക്കുണ്ടായിരുന്നു, 171.62 ലക്ഷം രൂപ ചെലവഴിച്ചു. 154.17 ലക്ഷം രൂപ കോഴിക്കോട് ജില്ലയ്ക്കുണ്ടായിരുന്നു, 164.01 ലക്ഷം രൂപ ചെലവഴിച്ചു. 139.605 ലക്ഷം രൂപ വയനാട് ജില്ലയ്ക്കുണ്ടായിരുന്നു, 123.30 ലക്ഷം രൂപ ചെലവഴിച്ചു. കണ്ണൂർ കാസർഗോഡ് ജില്ലകൾക്ക് 226.7 ലക്ഷം രൂപ ഉണ്ടായിരുന്നു, അതിൽ കണ്ണൂർ ജില്ലയിൽ 213.25 ലക്ഷം രൂപയും കാസർഗോഡ് ജില്ലയിൽ 14 ലക്ഷം രൂപയും ചെലവഴിക്കുകയുണ്ടായി. 254 ലക്ഷം രൂപ സാമ്പത്തിക വനവൽക്കരണത്തിനുണ്ടായിരുന്നു. 256.11 ലക്ഷം രൂപയാണ് ചെലവഴിച്ചത്. നമുക്ക് കഴിഞ്ഞ വർഷത്തെ അലോട്ടുമെൻറിൻെറ 118 ശതമാനം തുക ചെലവുണ്ടായിട്ടുണ്ട്.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: പൊതു ആവശ്യങ്ങൾക്കു വേണ്ടിയുള്ള ആശുപത്രി, സ്കൂൾ മുതലായവയ്ക്കുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി എൻ. ആർ. ഇ. പി. സ്കീം മുമ്പ് പ്രവർത്തിച്ചിരുന്നു. അതിനു വല്ല നിരോധനവും ഇപ്പോൾ ഉണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: ആറാം പദ്ധതിക്കാലത്ത് നമുക്ക് ഏറെടുക്കാൻ കഴിയുന്ന പല ഡിപ്പാർട്ടുമെൻറുകളുടെയും എക്സ്റ്റൻഷൻ വർക്കുകൾ നമ്മൾ നടത്തിയിരുന്നു. പക്ഷേ ആശുപത്രി തുടങ്ങിയവയ്ക്കുള്ള കെട്ടിടങ്ങൾ എൻ. ആർ. ഇ. പി. സ്കീം പ്രകാരം നിർമ്മിച്ചു കഴിയുമ്പോൾ അതിലേക്ക് ആവശ്യമായിട്ടുള്ള ഉരുപ്പടികൾ, ബെഡ്, ബെഡിനനുസരിച്ച് രോഗികൾക്കുള്ള ചികിൽസാ സൗകര്യങ്ങൾ, മരുന്നിൻെറ കൂടുതൽ അലോട്ടുമെൻറ് ഡയറക്ടർ അതിനുവേണ്ടിവരുന്ന സ്റ്റാഫ് തുടങ്ങിയവ ഹെൽത്ത് ഡിപ്പാർട്ടുമെൻറിന് പ്രൊവൈഡ് ചെയ്യാനുള്ള ബുദ്ധിമുട്ടുണ്ടാകുന്നു, കാലതാമസം ഉണ്ടാകുന്നു. അതുപോലെ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ കെട്ടിടങ്ങൾ മാത്രമെ നമുക്ക് നിർമ്മിക്കാൻ കഴിയുന്നുള്ളൂ. ബഞ്ച്, മേശ, കസേര തുടങ്ങിയവ ഉണ്ടാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഉണ്ട്. 7-ാം പദ്ധതിക്കാലത്ത് നമുക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനേക്കാളുപരി ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ ഭൂരഹിതരായിട്ടുള്ള കർഷക തൊഴിലാളികൾക്കും

LIBRARY ARCHIVES Kerala Legislative Assembly

നാട്ടിൻപുറത്തുള്ള പരമ്പരാഗത തൊഴിലാളികൾക്കും ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണ്. അങ്ങനെ കൊടുക്കണമെന്ന നിലയിൽ ചെറുകിടജലസേചന, റോഡുകളുടെ നിർമ്മാണം, ഗ്രൂപ്പ് ഹൗസിംഗ്, സോയിൽ കൺസർവേഷൻ, തുടങ്ങിയ പ്രവർത്തികൾക്ക് മുൻഗണന കൊടുക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ ഗൈഡ് ലൈൻസ് പ്രകാരം ഇതിനാണ് ടോപ്പ് പ്രയോറിറ്റി കൊടുത്തിട്ടുള്ളത്. മറ്റ് കെട്ടിടങ്ങളും പണിയുന്നതുപോലുള്ളവയ്ക്ക് ലെസ് പ്രയോറിറ്റി മാത്രമേയുള്ളൂ.

ശ്രീ. കെ. ഇ. ഇസ്മയിൽ: 1985-86 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്രഗവൺമെന്റിന്റെയും വിഹിതം ചേർത്ത് 2120 ലക്ഷം രൂപയാണ് എൻ. ആർ. ഇ. പി. മുഖേന ചെലവഴിക്കാൻ നീക്കിവച്ചിട്ടുള്ളത്. അതിന്റെ ജില്ല തിരിച്ചുള്ള കണക്കാണിവിടെ പറഞ്ഞത്. ഇതിൽ കഴിഞ്ഞ കൊല്ലം ഏറ്റെടുത്ത പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള സ്പിൽ ഓവർ വർക്കുകൾക്കുവേണ്ടി എത്ര രൂപയാണ് ഇതിൽനിന്ന് ചെലവഴിച്ചത്. പുതിയ വർക്കുകൾ ഏറ്റെടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ എത്ര ലക്ഷം രൂപയാണ് ഇതിൽ ചെലവഴിക്കേണ്ടിയിരിക്കുന്നത്. അതിന്റെ ജില്ല തിരിച്ചുള്ള പ്രത്യേകമായ കണക്ക് പറയാമോ?

ശ്രീ. പി. കെ. വേലായുധൻ: ജില്ല തിരിച്ചുള്ള കണക്ക് തയ്യാറാക്കിയിട്ടില്ല. എങ്കിലും നമുക്ക് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെയെല്ലാം കൂടി ചേർത്തുകൊണ്ട് എൻ. ആർ. ഇ. പി. പദ്ധതിയിൽ ലഭ്യമാകുന്ന തുക എഴുപത്തൊൻപതുകോടി അറുപത്താറു ലക്ഷം രൂപയാണ്. അതിൽ എഴുപത്തേഴുകോടി പത്തൊൻപത് ലക്ഷത്തിൽപ്പരം രൂപ നമുക്ക് ചെലവ് വന്നിട്ടുണ്ട്. 1-4-1984-ലെ കണക്കനുസരിച്ച് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന സ്പിൽ ഓവർ വർക്കുകൾക്കുവേണ്ടി നമുക്കുള്ള തുക പതിനെട്ടുകോടി തൊണ്ണൂറെട്ടുലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപയാണ്. ഇപ്പോൾ അനുവദിച്ചിട്ടുള്ളത് ഇരുപത്തൊന്നുകോടി ഇരുപത് ലക്ഷം രൂപയുടേതാണ്. 150 ശതമാനം തുകയുടെ വർക്കുകൾ നടക്ക് കൊടുക്കാവുന്നതാണ്. അതായത് മുപ്പത്തൊന്നുകോടി എൺപത് ലക്ഷം രൂപയുടെ വർക്കുകൾ നമുക്ക് എടുത്തു നടത്താവുന്നതാണ്. എന്നാൽ പതിനെട്ടുകോടി തൊണ്ണൂറ്റിയെട്ട് ലക്ഷം രൂപ സ്പിൽ ഓവർ വർക്കുകൾക്കുവേണ്ടി മാറ്റിക്കഴിഞ്ഞാൽ പുതിയ വർക്കുകൾ ഏറ്റെടുക്കാൻ കഴിയുന്നത് 1280 ലക്ഷം രൂപയുടെ പുതിയ പ്രവർത്തികളായിരിക്കും.

ശ്രീ. എ. സി. ഷൺമുഖദാസ്: ഇവിടെ ബഹുമാനപ്പെട്ട മന്ത്രി കണക്കു പറഞ്ഞപ്പോൾ പറഞ്ഞത് പാലക്കാട് ജില്ലയ്ക്ക് 248 ലക്ഷം രൂപയും എറണാകുളം ജില്ലയ്ക്ക് 114 ലക്ഷം രൂപയും തൃശ്ശൂർ ജില്ലയ്ക്ക് 152 ലക്ഷം രൂപയും കോഴിക്കോടിന് വെറും 68.40 ലക്ഷം രൂപയുമാണ്. ഇതിന് ആധാരമായി സ്വീകരിച്ചിരിക്കുന്നത് ചെറുകിട പരിമിത കർഷകത്തൊഴിലാളികളെയാണ്. ജില്ലതിരിച്ചു തെരഞ്ഞെടുത്തിരിക്കുന്ന കണക്കുകൂടി ഇവിടെ വെളിപ്പെടുത്താമോ; എന്തുകൊണ്ടാണ് ഈ കോഴിക്കോട് ജില്ല മാത്രം ഇത്ര താഴ്ന്നുപോയതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: തെരഞ്ഞെടുപ്പിൽ എന്തെങ്കിലും അപാകത വന്നിയതായി തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: ഇതിന് സ്വീകരിച്ചിട്ടുള്ള ഇവരുടെ കണക്കുവച്ചുകൊണ്ട് ഞങ്ങളെ ബോദ്ധ്യപ്പെടുത്തണം.

ശ്രീ. പി. കെ. വേലായുധൻ: തകരാറ് സംഭവിച്ചിട്ടില്ലയെന്നാണ് ഞാൻ വിശ്വസിക്കുന്നത്. എങ്കിലും ബഹുമാനപ്പെട്ട മെമ്പറെ അത് തെര്യപ്പെടുത്തുവാൻ ഞാൻ ശ്രമിക്കുന്നതാണ്.

ശ്രീ. രാഘവൻ പൊഴക്കടവിൽ: എൻ. ആർ. ഇ. പി. പ്രകാരമുള്ള വർക്കുകൾ കഴിഞ്ഞ സാമ്പത്തിക വർഷം നടത്തിയതിൽ പല റോഡുകളും ചില പാലങ്ങളും അതിന്റെ അപ്രോച്ച് റോഡുകളും ഒന്നും പൂർത്തിയാക്കാൻ കഴിയാതെ കിടക്കുന്നതുകൊണ്ട് ഇപ്പോൾ പണം ഇല്ലായെന്ന് പറഞ്ഞ് ബാൻ ചെയ്ത് നിർത്തിയിരിക്കുകയാണ്. അത്തരം വർക്കുകൾ അടിയന്തിരമായി ടേക്കപ്പ് ചെയ്ത് പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ വേണ്ട ഫണ്ട് അലോട്ട് ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. പി. കെ. വേലായുധൻ: ബാൻ ചെയ്തിട്ടില്ല, അമിതമായി സ്പിൽഓവർ ഉണ്ടാകാതിരിക്കാൻ ഫീസിബിലിറ്റി ആയിട്ടുള്ള വർക്കുകൾ ചെയ്താൽമതി എന്നൊരു നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. പി. വിജയദാസ്: സാമൂഹ്യവനവല്ക്കരണത്തിനു വേണ്ടി എൻ.ആർ.ഇ.പി.യിൽ നിന്ന് ഭീമമായ തുക മാറിവച്ചിട്ടുണ്ട്. വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി ഫോറസ്റ്റ് വകുപ്പ് നടപ്പാക്കുന്നതു തന്നെ ചെലവഴിച്ചുതീർക്കാൻ കഴിയുന്നില്ല. ആ സാഹചര്യത്തിൽ എൻ.ആർ.ഇ.പി. കൊണ്ട് മറ്റ് വികസന പ്രവർത്തനങ്ങൾ നടത്താൻ സാഹചര്യം സൃഷ്ടിക്കുന്നതിന് സാമൂഹ്യവനവല്ക്കരണത്തിനുവേണ്ടി എൻ. ആർ. ഇ. പി. സ്ക്കീമിൽ നിന്ന് മാറിവയ്ക്കുന്ന തുക കുറവ് ചെയ്യാൻ കേന്ദ്രഗവൺമെന്റിനോട് നിർദ്ദേശിക്കുകയോ അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം വാങ്ങി നടപ്പാക്കാൻ ശ്രമിക്കുകയോ ചെയ്യുമോ ?

ശ്രീ. പി. കെ. വേലായുധൻ: 6-ാം പദ്ധതിക്കാലത്ത് എൻ. ആർ. ഇ. പി. യിലേയും ആർ. എൽ. ഇ. ജി. പി. യിലേയും 10 ശതമാനം തുകയാണ് കേന്ദ്രഗവൺമെന്റ് സാമൂഹ്യ വനവല്ക്കരണത്തിനായി ചെലവഴിക്കാൻ നിർദ്ദേശിച്ചത്. ഇപ്പോൾ ആണെങ്കിൽ കേന്ദ്ര ഗവൺമെന്റ് പ്രത്യേകിച്ച് പ്രധാനമന്ത്രി പുതിയ പോളിസി ഡിക്ലേയർ ചെയ്തപ്പോൾ ഇതിനുവേണ്ടി 20 ശതമാനം തുക ചെലവഴിക്കണമെന്നു പറഞ്ഞതുകൊണ്ടാണ് വർദ്ധിപ്പിച്ചിട്ടുള്ളത് എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ സാഹചര്യത്തിൽ അത് കുറക്കണമെന്നു പറയുന്നത് ഒരിക്കലും ശരിയല്ല. എൻ.ആർ.ഇ.പി.യും, ആർ.എൽ.ഇ.ജി.പി. യും ഫണ്ട് ഉപയോഗപ്പെടുത്തി സാമൂഹ്യവനവല്ക്കരണ പരിപാടി നടത്തുമ്പോൾ ലോകബാങ്കിന്റെ പ്രവർത്തിയുമായി ഓവർലാപ്പിങ്ങും മാൽട്ടിപ്ലിക്കേഷനും ഉണ്ടാകാതിരിക്കുന്നതിനുവേണ്ട സംവിധാനം ഏർപ്പെടുത്തണമെന്ന് ആണ് ഗവൺമെന്റ് ആഗ്രഹിച്ചത്. അതിന്റെ ഫലമായി മുഖ്യമന്ത്രിതന്നെ ബന്ധപ്പെട്ടവരുടെ കോൺഫറൻസ് വിളിച്ചുകൂട്ടി ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ആ തീരുമാനങ്ങൾ നടപ്പാക്കുന്നതിനാണ് ഈ വർഷം നാം ശ്രമിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ദിനകരൻ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ പട്ടികജാതിക്കാരുടേയും പട്ടിക വർഗ്ഗക്കാരുടേയും പരിമിത കർഷകരുടേയും ഒക്കെ അംഗസംഖ്യയുടെ അടിസ്ഥാനത്തിലാണ് ഈ തുക വീതം വയ്ക്കുന്നത് എന്നുപറഞ്ഞു. ചില ജില്ലകൾക്ക് അമിതമായി തുക നല്കിയിരിക്കുന്നതായി കാണപ്പെടുന്നു. ആലപ്പുഴ ജില്ലയെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ ആളുകൾ—ചെറുകിട പരിമിത കർഷകരും പട്ടികജാതിവർഗ്ഗക്കാരുമായുള്ള ജില്ലയാണ്. ചില മണ്ഡലങ്ങളിൽ വിനിയോഗിക്കപ്പെട്ട തുകപോലും ആലപ്പുഴ ജില്ലക്ക് കിട്ടാതിരിക്കാൻ ഉള്ള കാരണമെന്താണ്; ഉദാഹരണമായി മന്ത്രിയുടെ മണ്ഡലത്തിൽ വിനിയോഗിച്ച തുകപോലും ആലപ്പുഴ ജില്ലയ്ക്ക് കിട്ടാതിരിക്കാനുള്ള കാരണമെന്താണ്?

ശ്രീ. പി. കെ. വേലായുധൻ: അങ്ങനെയൊക്കെ പറഞ്ഞാൽ ഞാൻ എങ്ങനെയാണ് മറുപടി പറയുക.

ശ്രീ. വി. ജെ. തങ്കപ്പൻ: എൻ.ആ ഇ.പി. സ്കീം അനുസരിച്ച് പണിതുകൊണ്ടിരിക്കുന്ന റോഡുകൾ ഒരു പ്രത്യേക പോയിൻറിൽ കാർട്ടബിളായി, വയബിളായി കഴിഞ്ഞാൽ ആ പണി നിർത്തിവയ്ക്കാൻ തിരുവനന്തപുരം ജില്ലാ ഡി. ആർ. ഡി. എ. പ്രോജക്ട് ആഫീസർ നിർദ്ദേശം കൊടുത്തിരിക്കുന്നു. അങ്ങനെ എൻ. ആർ. ഇ. പി. സ്കീം അനുസരിച്ച് പണിതുകൊണ്ടിരിക്കുന്ന റോഡുകൾപണി പൂർത്തിയാക്കുന്നതിനുമുമ്പ് നിർത്തിവയ്ക്കാൻ ഗവൺമെൻറ് ഉത്തരവ് കൊടുത്തിട്ടുണ്ടോ; കൊടുത്തിട്ടുണ്ടെങ്കിൽ അതിന് കാരണം വിശദമാക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: ഫീസിബിളും വയബിളുമായുള്ള വർക്കുകൾ ഒന്നും നിർത്തിവയ്ക്കാൻ ഗവൺമെൻറ് നിർദ്ദേശം കൊടുത്തിട്ടില്ല. നമ്മുടെ സബ്ജക്ട് കമ്മിറ്റി ഈ കാര്യത്തിൽ ഒരു ശുപാർശ ഗവൺമെൻറിന് നൽകിയിട്ടുണ്ട്. 1980-81, 1981-82 കാലങ്ങളിൽ പണിതുടങ്ങിയതും എന്നാൽ പൂർത്തിയാകാതെ ഫീസിബിളല്ലാതെ, വയബിളല്ലാതെ കിടക്കുന്നതും കൺവീനർമാർ ഉപേക്ഷിച്ചുപോയതുമായ വർക്കുകൾ കൺവീനിങ്ങ് സ്റ്റേറേജിൽ അവസാനിപ്പിക്കുകയും സ്പിൽ ഓവർ ലയബിലിറ്റി പരമാവധി കുറയ്ക്കുന്നതിന് ശ്രമം നടത്തണമെന്നുള്ള ഒരു നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ തിരുവനന്തപുരം ഡി. ആർ. ഡി. എ. എന്താണ് നിർദ്ദേശം കൊടുത്തിട്ടുള്ളത് എന്ന് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. പി. എ. മജീദ്: എൻ. ആർ. ഇ. പി. ആരംഭിച്ച 1981-82, 1982-83 വർഷങ്ങളിൽ തന്നെ കൂടുതൽ പ്രവൃത്തികൾ നടത്തിയതുകാരണം അവിടെ തുടർന്ന് കഴിഞ്ഞ രണ്ടുവർഷം പുതുതായി വർക്കു എടുക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. അവിടെ കൂടുതലായി ഫണ്ട് നല്കി അത്തരം ബ്ലോക്കുകളിൽ പ്രവർത്തനം തുടങ്ങാൻ വല്ല നടപടിയും സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: 7-ാം പദ്ധതിക്കാലത്ത് ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ഒരു ഡിസ്പാരിറ്റിയും ഇല്ലാതെ, ചില പ്രദേശങ്ങളിൽ കൂടുതലും ചില പ്രദേശങ്ങളിൽ വളരെ കുറവും എന്ന അന്തരമില്ലാതെയുള്ള നടപടികൾ ആണ് ഈ വർഷം മുതൽ 7-ാം പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

ക്കാലത്ത് നാം സ്വീകരിക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ നടത്തിയിട്ടുള്ള തിനെക്കുറിച്ച് കോമ്പൻസേറ്റ് ചെയ്യാൻ നടപടികളും ഇപ്പോൾ സ്വീകരിക്കുക എന്നുപറഞ്ഞാൽ അത് ബുദ്ധിമുട്ടുള്ള കാര്യമാണ്.

ശ്രീ. ആർ. എസ്.പി. ഉണ്ണി: എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി.പി. തുടങ്ങിയ പദ്ധതികളെപ്പറ്റി നടത്തിയിട്ടുള്ള പഠനറിപ്പോർട്ടുകളിൽ ധനദുർവിനിയോഗവും പാഴ്ചെലവുമൊക്കെ ഉണ്ടായിട്ടുണ്ട് എന്നുള്ള വസ്തുത പരിഗണിച്ച് കേന്ദ്രഗവൺമെൻറ് ഈ പദ്ധതിതന്നെ പുനഃസംവിധാനം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന് പത്രവാർത്തകളുണ്ടായി. അതേപ്പറ്റി വല്ല സൂചനയും ലഭിച്ചിട്ടുണ്ടോ; നമ്മുടെ സംസ്ഥാനത്ത് ഈ പദ്ധതി നടപ്പാക്കുന്നതിനെ സംബന്ധിച്ച് നടത്തിയിട്ടുള്ള പഠനങ്ങളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ നിന്ന് വളരെയധികം ആളുകളെ ഉയർത്തികൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല എന്നുള്ള വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ഈ വസ്തുതകളും കണക്കിലെടുത്ത് നയപരമായ എന്തെങ്കിലും പുതിയ തീരുമാനം എടുക്കാൻ ഗവൺമെൻറ് ശ്രമിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: നമുക്ക് കേന്ദ്രഗവൺമെൻറ് നല്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചേ പദ്ധതികൾക്ക് രൂപം കൊടുക്കാൻ കഴിയുകയുള്ളൂ. പത്രവാർത്ത ഞാനും കാണുകയുണ്ടായി. സെക്രട്ടറിമാരുടെ കോൺഫറൻസിൽ അടുത്ത സാമ്പത്തിക വർഷം മുതൽ എൻ. ആർ. ഇ. പി. യിലും, ആർ. എൽ. ഇ. ജി. പി. യിലും പുതിയ നോംസ് ഉണ്ടാക്കുന്നു എന്ന ഒരു സൂചന കിട്ടിയിട്ടുണ്ട്. അതുകൊണ്ടുതന്നെ നമ്മൾ ദീർഘകാലം എടുക്കുന്ന പ്രവൃത്തികൾ ഏറെറടുക്കേണ്ടതില്ല എന്നുള്ള നിർദ്ദേശവും വന്നിട്ടുണ്ട്. ചെറിയ ചെറിയ റോഡ് വർക്കുകൾ അത് കൂടുതൽ പ്രദേശങ്ങളിൽകൂടി തൊഴിലവസരം സൃഷ്ടിക്കത്തക്കവിധത്തിൽ വ്യാപകമായി എടുക്കുക. അതായത് ഒരു പ്രവൃത്തി തുടങ്ങിയാൽ നമ്മുടെ ടാർജറേറഡ് ടൈം—മാർച്ച് 31 നകം പൂർത്തിയാകത്തക്കവിധത്തിൽ പ്രവൃത്തികളുമായി മുന്നോട്ടുപോകണമെന്ന ഒരു ക്രമണ സെക്രട്ടറീസ് കോൺഫ്രൻസിൽ ഉണ്ടായിട്ടുണ്ട്. അതിനെ അടിസ്ഥാനപ്പെടുത്തി നമ്മൾ ഈ കഴിഞ്ഞ ആഴ്ചയിൽ പ്രോജക്ട് ആഫീസേഴ്സിനേറയും എ. ഡി. സി. മാരുടേയും പ്രോജക്ട് എൻജിനീയർമാരുടേയും സംയുക്ത കോൺഫ്രൻസ് വിളിച്ചു കൂട്ടിയിരുന്നു. ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയിട്ടുമുണ്ട്. പുതുതായി ആർ. എൽ. ഇ. ജി. പി. യെ സംബന്ധിച്ചായാലും എൻ. ആർ. ഇ. പി. യെ സംബന്ധിച്ചായാലും കേന്ദ്രഗവൺമെൻറ് എന്ത് നിർദ്ദേശം കൂടുതൽ അയക്കുന്നു എന്ന് നമ്മൾ ആകാംക്ഷയോടുകൂടി കാത്തിരിക്കുകയാണ്.

ഡോ. കെ. സി. ജോസഫ്: കുട്ടനാടൻ പ്രദേശങ്ങളിൽ പാടങ്ങളിൽകൂടി വേണം പോകാൻ. അത്തരം പ്രദേശങ്ങളിൽ പണി ആരംഭിക്കുകയും അതിന്റെ മദ്ധ്യഭാഗത്ത്വച്ച് പണി നിർത്തിവയ്ക്കുകയും ചെയ്താൽ അതുകൊണ്ട് പ്രയോജനമുണ്ടാകുകയില്ലായെന്നുള്ളതുകൊണ്ട് അത്തരം റോഡുകൾ ജനങ്ങൾക്ക് പ്രയോജനപ്പെടത്തക്കരീതിയിൽ മുഴുവനായി പണി തീർക്കുവാൻ പ്രത്യേക ഫണ്ട് നൽകി ആ പ്രവർത്തനം പൂർത്തിയാക്കാൻ അനുമതി നല്കാമോ?

ശ്രീ. പി. കെ. വേലായുധൻ: പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള അലോട്ട്മെൻറ് എമൗണ്ട് മാത്രമേ ചെലവഴിക്കുവാൻ പാറുകയുള്ളൂ. ഏതെങ്കിലും കാരണവശാൽ പ്രത്യേകമായി ഏതെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

പ്രവൃത്തിയിൽ ഫണ്ട് അലോട്ടുചെയ്യുമ്പോൾ മറ്റേതെങ്കിലും സ്ലോക്കുകളിൽനിന്നോ, ജില്ലകളിൽ നിന്നോ ഡൈവർട്ട് ചെയ്യേണ്ട ഒരവസ്ഥ ഉണ്ടാകുന്നു. നമുക്ക് ഡി.ആർ.ഡി.എ, യിൽ വരുന്ന എൻ.ആർ.ഇ.പി., ആർ. എൽ. ഇ. ജി. പി. ഫണ്ടുകൾ ജില്ലകളിൽ നിന്ന് ജില്ലകളിലേക്ക് ഡൈവർട്ട്ചെയ്യാൻ പാടില്ല എന്ന് ശക്തമായ ഒരു തീരുമാനം ഗവൺമെൻറ് എടുത്തിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം സ്വീകരിക്കാൻ അല്പം ബുദ്ധിമുട്ടുണ്ട്. പ്രവൃത്തികൾ പൂർത്തിയാക്കാൻ വേണ്ട നിർദ്ദേശം നല്കാം.

ശ്രീ. കെ. കൃഷ്ണൻകുട്ടി : 1985-86-ലെ എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി., ഐ. ആർ. ഡി. പി. മുതലായ സ്കീമുകളിൽ കേന്ദ്രവിഹിതം കുറയാകാൻ എന്താണ് കാരണം ; ഒരോന്നിലും എത്ര വീതം കുറവ് ഉണ്ടായിട്ടുണ്ട്?

ശ്രീ. പി. കെ. വേലായുധൻ : കുറവില്ല. ഞാൻ ഇപ്പോൾ എൻ. ആർ. ഇ. പി. യുടെ കണക്ക് മാത്രമേ എടുത്തിട്ടുള്ളു. അത് ഞാൻ പറഞ്ഞുകഴിഞ്ഞു. നമുക്ക് അതിൽ കുറവില്ല.

ശ്രീ. സി. കെ. ചക്രപാണി : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു, സോഷ്യൽ ഫോറസ്ട്രിക്കുവേണ്ടി 20 ശതമാനം മാറ്റിവച്ചു എന്ന്. ആറാം പദ്ധതിക്കാലത്താണെങ്കിൽ 10 ശതമാനമായിരുന്നു. പുതിയ കേന്ദ്രഗവൺമെൻറിന്റെ നയം അനുസരിച്ച് ഇത് 20 ശതമാനമാക്കി ഉയർത്തി എന്ന്. പക്ഷെ നമ്മൾ ഇപ്പോൾ എടുത്ത റോഡുകളും വീടുകളും പണി തീരാത്തവയാണ്. രാമേശ്വരത്തെ ക്ഷൗരംപോലെയാണ് ചില റോഡുകളുടെ സ്ഥിതി. അതുകൊണ്ട് ഈ സോഷ്യൽഫോറസ്ട്രിക്ക് നീക്കിവച്ച 20 ശതമാനം കുറപ്പിക്കുന്നതിനുവേണ്ടി മുൻകൈയെടുക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: അത് കുറപ്പിക്കാതെതന്നെ നമുക്ക് കിട്ടിയിട്ടുള്ള അലോട്ട്മെൻറ് സ്പിൽഓവർ വർക്കുകൾക്കുകൂടി adjust ചെയ്ത് spilover work-കൾ പൂർത്തിയാക്കുന്നതിന് മുൻഗണന കൊടുക്കുകയും ബാക്കി വരുന്ന തുകക്ക് മാത്രം പുതിയ വർക്കുകൾ ഏറെറടുത്താൽ മതി എന്നും നിർദ്ദേശം കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ബുദ്ധിമുട്ടുകൾ ഉണ്ടാകുകയില്ല എന്നു കരുതുന്നു.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറന്മാരുടെ ഒഴിവുകൾ

*136. [180] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :
,, കോടിയേരി ബാലകൃഷ്ണൻ :
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള :
,, ടി. കെ. ഹംസ :
,, സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറൻമാരുടെ ഒഴിവുകൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഓരോ ജില്ലയിലും എത്ര വീതം;

LIBRARY ARCHIVES Kerala Legislative Assembly